## ജി.എച്ച്.എസ്.എസ് പെരിയ



# ദിപന്മ

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂൾ കോഡ്- | 12009 |
| സ്കൂളിന്റെ പേര്- | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പെരിയ |
| മേൽവിലാസം- | പെരിയ പി ഒ |
| | കാസർഗോഡ് ജില്ല |
| പിൻകോഡ്- | 671320 |
| ഫോൺ നമ്പർ- | 04672080852 |
| ഇ-മെയിൽ- | 12009periye@gmail.com |
| ഗ്രാമപഞ്ചായത്ത്- | പുല്ലൂർ-പെരിയ |
| വാർഡ് - | 16 |
| നിയമസഭ മണ്ഡലം | ഉദുമ |
| ലോക് സഭ മണ്ഡലം | കാസർഗോഡ് |
| വില്ലേജ് | പെരിയ |
| താലൂക്ക് | ഹോസ്ദുർഗ് |
| റവന്യൂ ജില്ല - | കാസർഗോഡ് |
| വിദ്യാഭ്യാസ ജില്ല- | കാഞ്ഞങ്ങാട് |
| ഉപജില്ല- | ബേക്കൽ |
| ബി ആർ സി - | ബേക്കൽ |
| സി ആർ സി- | ജിഎൽപിഎസ് പെരിയ |
| ക്ലാസുകൾ - | 5 മുതൽ 12 വരെ |
| മാനേജ്മെന്റ്- | ഗവൺമെന്റ് |
| പഠനമാധ്യമം- | മലയാളം ,ഇംഗ്ലീഷ് |

# ആമുഖം

കാസർഗോഡ് ജില്ലയിൽ പുല്ലൂർ- പെരിയ ഗ്രാമപഞ്ചായത്തിൽ ഒരു നൂറ്റാണ്ടിനപ്പുറം ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച വിദ്യാലയം ഇന്ന് ജി.എച്ച്.എസ് എസ് പെരിയയായി മാറിയിരിക്കുന്നു.പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ജില്ലയിൽ മാത്രമല്ല സംസ്ഥാന തലത്തിൽ തന്നെ മുൻനിരയിലാണ് നമ്മുടെ സ്ഥാനം. ഇവിടെ 1500 കുട്ടികളും 55 അധ്യാപകരും 7 അധ്യാപകേതര ജീവനക്കാരും ഉണ്ട്.

SSLC ,+2 പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും A + കളുടെ എണ്ണത്തിൽ ജില്ലയിൽ മുൻനിര വിദ്യാലയങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്.തിളക്കമാർന്ന ഈ റിസൾട്ടിനോടപ്പം NMMS,USS തുടങ്ങിയ മത്സരപരീക്ഷകളിലും പൊൻതൂവൽ ചാർത്താൻ നമുക്ക് കഴിഞ്ഞിരിക്കുന്നു.

ഗുണമേൻമയുള്ള വിദ്യഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക -അക്കാദമികേതര രംഗങ്ങളിൽ ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive education) പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.കരാട്ടെ,ജൂഡോ,തൈക്കോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്.ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎ യുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാപാഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

ഓരോവർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്.ഇത് നിലനിർത്തികൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ .സ്കൂൾ വികസന സെമിനാറിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം.

## നിലവിലെ അവസ്ഥ

2024 മാർച്ചിൽ നടന്ന SSLC , പരീക്ഷയിൽ 100 % വിജയത്തോടപ്പം 67 FULL A+ ഉം 18 എണ്ണം 9 A + ഉം ഹയർസെക്കന്ററി പരീക്ഷയിൽ 82.3 % വിജയത്തോടപ്പം 32 FULL A+ കരസ്ഥമാക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. USS പരീക്ഷയിൽ 3 കുട്ടികളും NMMS പരീക്ഷയിൽ 4 കുട്ടികളും സ്കോളർഷിപ്പിനർഹരായി. ഗണിത ശാസ്ത്രമേളയിൽ സംസ്ഥാനതലത്തിൽ ഈ വർഷം രണ്ടുകുട്ടികൾക്ക് ഒന്നാം സ്ഥാനവും മൂന്ന് കുട്ടികൾക്ക് A GRADE ഉം നേടി

പ്രവൃത്തിപരിചയ മേളയിൽ സംസ്ഥാനതലത്തിൽ കുടനിർമ്മാണത്തിൽ രണ്ടാം സ്ഥാനവും പപ്പറ്റ് നിർമ്മാണത്തിൽ നാലാം സ്ഥാനവും നേടി.

കായിക മത്സരങ്ങളിൽ ജൂഡോ,തൈക്കോണ്ടോ കരാട്ടെ എന്നീ ഇനങ്ങളിൽ സംസ്ഥാനതലത്തിൽ വിജയം കരസ്ഥമാക്കാൻ സാധിച്ചു.

## വിവിധ സന്നദ്ധ സംഘടനകൾ

**SPC**

- ജൂനിയർ,സീനിയർ,സൂപ്പർ സീനിയർ വിഭാഗങ്ങളിലായി 3 BATCH കൾ നിലവിലുണ്ട്.
- ഉദിനൂറിൽ വെച്ച് നടന്ന ജില്ലാതല ക്യാമ്പിൽ നമ്മുടെ സ്കൂളിലെ കേഡറ്റ് മികച്ച കമാന്ററായി തെരെഞ്ഞെടുത്തു.
- 2024 ലെ റിപ്പബ്ലിക്ക് ദിന പരേഡിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.
- എല്ലാ ബുധൻ ,ശനി ദിവസങ്ങളിൽ രാവിലേയും വൈകുന്നേരവും പരേഡ് നടത്തുന്നു.
- സ്കൂൾ അച്ചടക്കത്തിൽ പ്രധാന പങ്ക് വഹിക്കുന്നു.
- എല്ലാ തിങ്കൾ ചൊവ്വ ദിവസങ്ങളിൽ സ്കൂൾ ക്യാമ്പസിലെ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**JRC**

- രണ്ട് യൂണിറ്റുകൾ ഉണ്ട്.
- നൂറോളം കുട്ടികൾ അംഗങ്ങളായിട്ടുണ്ട്.
- എല്ലാ ബുധനാഴ്ചകളിലും സ്കൂൾ ക്യാമ്പസിലെ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**SCOUT**

- രണ്ട് യൂണിറ്റുകൾ ഉണ്ട്.
- രാജ്യപുരസ്കാർ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

**LITTLE KITES**

- രണ്ട് ബാച്ചുകളിലായി അറുപത് കുട്ടികൾ അംഗങ്ങളായിട്ടുണ്ട്.
- വിവരസാങ്കേതിക വിദ്യയിലെ നൂതന പ്രവണതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
- രക്ഷിതാക്കൾക്കും സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട്ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.
- പൊതുജനങ്ങൾക്ക് IT സേവനങ്ങൾ നൽകുന്നു.

**TINKERING LAB**

- അത്യാധുനിക സാങ്കേതിക വിദ്യകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
- റോബോട്ടിക്സ് ,നിർമ്മിത ബുദ്ധി,3D പ്രിന്റിംഗ് സങ്കേതിക വിദ്യയിൽ പരിശീലനം നടത്തുന്നു.

- ➔ കുട്ടികളുടെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ സൗകര്യമൊരുക്കുന്നു
- ➔ മറ്റു സ്കൂളിൽ നിന്നുള്ള കുട്ടികളും ലാബ് ഉപയോഗപ്പെടുത്താറുണ്ട്.

**VIRTUAL REALITY LAB**

- ➔ VIRTUAL REALITY,AUGMENTED REALITY എന്നീ സങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പഠനം കുടുതൽ മെച്ചപ്പെടുത്താൻ വേണ്ടി അനുവദിക്കപ്പെട്ടത്.
- ➔ പൂർണമായും പ്രവർത്തന സജ്ജമായിട്ടില്ല.

**ശാസ്ത്ര പോഷിണി ലാബുകൾ.**

- ➔ ഫിസിക്സ് ,കെമിസ്ട്രി,ബയോളജി എന്നിവക്ക് പ്രത്യേകം ലാബുകൾ
- ➔ സങ്കേതിക പ്രശ്നങ്ങൾ കൊണ്ട് ലാബ് ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.
- ➔ നിലവിൽ പ്രവർത്തന സജ്ജമല്ല.

**ലൈബ്രറി**

- ➔ 7000 ത്തോളം പുസ്തകങ്ങൾ
- ➔ പ്രവർത്തന സൗകര്യമുള്ള മുറി ലഭ്യമല്ല.
- ➔ ഡിജിറ്റൽ കാറ്റലോഗിംങ് പൂർത്തിയായിട്ടില്ല.
- ➔ ആഴ്ചയിൽ ഒരിക്കൽ പുസ്തകം വിതരണം നടത്തുന്നു.
- ➔ വായന മുറി പ്രത്യേകം ഇല്ല.
- ➔ പത്രമാസികകൾ ലഭ്യമല്ല

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

വികസന ലക്ഷ്യങ്ങൾ

1.ഭാഷശേഷി വികസനം

2.ഗണിതശേഷി വികസനം

3.ഇംഗ്ലീഷ് പഠനം അനായസകരമാക്കൽ

4.വായന ശേഷി വർദ്ധിപ്പിക്കൽ

5.ശാസ്ത്രപോഷണ പരിപാടി

6.ലാബോറട്ടറി സജ്ജീകരണം

7.പ്രതിഭാപോഷണ പരിപാടി

8.ലൈബ്രറി സാക്തീകരണം

9.ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ

10.സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

11 പഠനയാത്രകൾ

12.സ്കൂൾ പത്രം ,മാസിക

13.അധ്യാപക ശാക്തീകരണം-സ്കൂൾ SRG തലം

14.പ്രവൃത്തിപരിചയ പരിശീലനം

15.കലാപരിപോഷണം

16.പച്ചക്കറിത്തോട്ടം

17.സാഹിത്യ ശില്പശാല

18.മെഡിക്കൽ ക്യാമ്പ്.
19.ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
20.കായികശേഷി വികസനം-തീവ്ര പരിശീലനം
21.വിലയിരുത്തൽ കാര്യക്ഷമമാക്കൽ
22.IT പഠനം കാര്യക്ഷമമാക്കൽ
23.ജന്മദിന പുസ്തകം
24.ചിത്രരചന ക്യാമ്പ്.
25.ശാസ്ത്ര ഗണിത സാമൂഹ്യ ഐടി പ്രവൃത്തിപരിചയമേളകളിൽ സംസ്ഥാനതല പ്രാതിനിധ്യം
26.ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
27.പ്രാദേശിക കേന്ദ്രങ്ങൾ
28.അമൃതം -ഉച്ചഭക്ഷണ പദ്ധതി
29.കുട്ടിറേഡിയോ-പെരിയവാണി

| ഉപമേഖല-മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) എല്ലാ കുട്ടികൾക്കും മലയാളം അനയാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1.അക്ഷരം ഉറപ്പിക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ<br>3.പദനിർമ്മാണം<br>4.വാക്യ നിർമ്മാണം<br>5.ഭാഷപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്<br>6.കഥാപുസ്തകം നൽകൽ | 1 വർഷം | മലയാളം ടീച്ചർ<br>SRG | PTA<br>DEPT. |
| എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക | ക്ലാസ് വായനകൂട്ടം<br>വായനമൂല,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവെക്കൽ<br>വായന കുറിപ്പ്<br>വായനപതിപ്പ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>വായനക്കൊരു വാർഷിക പദ്ധതി<br>പുതുവർഷം പുസ്തകവർഷം<br>റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>സ്കൂൾ ലൈബ്രറി നവീകരണം<br>വായനോത്സവം<br>ജന്മദിന പുസ്തകം<br>പത്രവായന | 1 മാസം മുതൽ<br>1 വർഷം വരെ | മലയാളം ടീച്ചർ<br>SRG | PTA<br>DEPT |
| പത്ര വായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>ഓരോ ക്ലാസിനും ഓരോ പത്രം<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം. | 3 മാസം<br>ദിവസേന<br>1 മാസം | വിദ്യാരംഗം | PTA |
| സർഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>രചന ശില്പശാല<br>കവിതാലാപന മത്സരം | 1 ആഴ്ച<br>1 മാസം | വിദ്യാരംഗം കലാ സാഹിത്യ | PTA |

| | | | | |
|---|---|---|---|---|
| | ക്ലാസ് തല സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ<br><br>പുസ്തക ചർച്ച<br><br>സാഹിത്യകാരനമായി സംവദിക്കൽ<br><br>അമ്മവായന | 1 ആഴ്ച<br><br>1 മാസം<br><br>1 വർഷം<br><br>1 മാസം | വേദി | |
| **ഉപമേഖല-ENGLISH** | | | | |
| To improve the listening and speaking skills of the learners | Spoken English<br>Class English Library<br>English Corner<br>Story Time<br>English Cartoon<br>English Assembly | 1 year | English teachers | PTA |
| Providing opportunities to express oneself in English | Cinema,<br>Documentary<br>profile script writing<br>public speaking<br><br>Role play<br>English Day celebration<br>seminars | 1 year | English teachers<br>SRG | PTA |
| To enable the student to write and read themselves | School Radio<br>Word cards<br>Sentence cards<br>English games | 1 month | English Teachers | PTA |
| Dramatisation | Listen to English audio clips | 1 week | English Teachers | PTA |
| Debates | Gets chance with writers and professors in English | 1 year | English Teachers<br>SRG | PTA |
| **ഉപമേഖല- ഹിന്ദി** | | | | |
| ഹിന്ദി ഭാഷശേഷി വർദ്ധിപ്പിക്കൽ | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം | 2 മാസം<br><br>2 മാസം | ഹിന്ദി ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | കൂടുതലായി പരിചയപ്പെടുത്തുന്നു.<br>ചിത്രകാർഡുകൾ<br>വാക്കുകാർഡുകൾ<br>കേട്ടെഴുത്ത്<br>പദസൂര്യൻ<br>ചിത്രകഥ,കാർ<br>ട്ടൂൺ,ചെറുകവിതകൾ<br>തുടങ്ങിയവയുടെ വായന<br>വർക്ക് ഷീറ്റ്<br>സൂചന ബോർഡുകൾ എഴുതി<br>ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>ഹിന്ദി നാടകം | 2 മാസം<br><br>2 മാസം | | |
| **ഉപമേഖല-സാമൂഹ്യ ശാസ്ത്രം** | | | | |
| **ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ** | പ്രകടന പത്രിക പ്രചരണം<br>മീറ്റ് ദ കാൻഡിഡേറ്റ്<br>ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്<br>മോക്ക് പാർലമെന്റ് | 1 വർഷം | SS Teachers SRG | PTA |
| **സാമൂഹ്യ ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ** | പുസ്തകങ്ങൾ<br>അറ്റ്ലസുകൾ<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>S.S CORNER<br>ബുള്ളറ്റിൻ ബോർഡ്സ്ഥാപിച്ച്<br>വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക<br>പഠനയാത്ര<br>സമകാലിക പ്രസക്തിയുള്ള<br>വിഷയങ്ങളിൽ സംവാദം,<br>സെമിനാർ<br>പാനൽ ചർച്ച<br>ഭൂപട നിർമ്മാണം | 1 വർഷം | SS Teachers | PTA |
| **ഉപമേഖല-ഫിസിക്കൽ സയൻസ്** | | | | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തൽ | പരീക്ഷണ കളരി -പരീക്ഷണം പൊതുസമൂഹത്തിന് മുമ്പിൽ പ്രദർശിപ്പിക്കൽ<br><br>സ്കൂൾ തല സയൻസ് എക്സിബിഷൻ<br><br>ഗവേഷണാത്മക പ്രജക്റ്റ് | 1 മാസം | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രമേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 5 മാസം | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്ര ലാബ് നവീകരണം | ശാസ്ത്രപോഷിണി ലാബ് പൂർണമായും പ്രവർത്തന സജ്ജമാക്കൽ | 2 മാസം | സയൻസ് അധ്യാപകർ SRG | KSTEC |
| പാരമ്പര്യേതര ഊർജ സ്രോതസുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കൽ | 1 വർഷം | സയൻസ് അധ്യാപകർ | ജില്ലാപഞ്ചായത്ത് |
| ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധിയായ വിവരങ്ങൾ ഉപയോഗിച്ച് മാസിക തയ്യാറാക്കൽ | 1 വർഷം | സയൻസ് ക്ലബ്ബ് | PTA |
| **ഉപമേഖല- നാച്വറൽ സയൻസ്** | | | | |
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | സ്കൂൾ പരിസരത്തുള്ള ജൈവവൈവിധ്യപാർക്ക് വിപുലപ്പെട്ടുത്തൽ<br><br>സ്കൂൾ മുറ്റത്ത് ഔഷധതോട്ട നിർമ്മാണം<br><br>അടുക്കളത്തോട്ട നിർമ്മാണം | 1 വർഷം | സയൻസ് അധ്യാപകർ പരിസ്ഥിതി ക്ലബ്ബ് | PTA<br>SSK |
| പ്രകൃതി പഠനയാത്ര | പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലത്ത് ജൈവവൈവിധ്യങ്ങളെ അറിഞ്ഞ് യാത്ര | 1 മാസം | പരിസ്ഥിതി ക്ലബ്ബ് | PTA |
| **ഉപമേഖല-ഗണിതശാസ്ത്രം** | | | | |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം<br>ക്വിസ്<br>ഗണിത രൂപങ്ങൾ | 1 വർഷം | ഗണിത അധ്യാപകർ | PTA |
| ജ്യാമിതീയ ആശയങ്ങൾ മനസിലാക്കൽ | ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെട്ടുത്തൽ | 1 വർഷം | ഗണിത ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| | 'ഏടകൂട' ങ്ങളെ പരിചയപ്പെടൽ | | | |
| ഗണിതത്തിലുള്ള താത്പര്യം വളർത്തൽ | ഗണിത മാഗസിൻ<br>ഗണിത പൂക്കളം<br>ഗണിത കളി<br>മെഗ പസിൽ ഗെയിം<br>ഗണിത പ്രോജക്ട് | 1 വർഷം | ഗണിത അധ്യപകർ<br>SRG<br>ഗണിത ക്ലബ്ബ് | PTA |
| ഫീൽഡ് ട്രിപ്പ് | ബേങ്ക് പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മനസിലാക്കൽ | 1 മാസം | ഗണിതാധ്യാപകർ | PTA |
| ഗണിത പാർക്ക് നിർമ്മാണം | ഗണിതശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പാർക്ക് നിർമ്മാണം<br>ഗണിത ലാബ് തയ്യാറാക്കൽ | 1 വർഷം | SRG | SSK |
| **ഉപമേഖല-വിവരസാങ്കേതിക വിദ്യ** | | | | |
| വിവരസാങ്കേതികത സാക്ഷരത | വീഡിയോ,സിനിമ മുതലയാവ ഉപയൊഗിക്കൽ<br>സ്കൂളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അവസരം നൽകൽ<br>വിദഗ്ദരുടെ ക്ലാസ് നൽകൽ | 1 വർഷം | SITC | PTA |
| സ്മാർട്ട് ക്ലാസ് റൂമുകളുടെ ഫലപ്രദമായ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് ക്ലാസ് റൂം സജീവമാക്കൽ | 1 വർഷം | SITC | |
| **ഉപമേഖല-പ്രവൃത്തിപരിചയം** | | | | |
| പ്രവൃത്തി പരിചയ പരിശീലനം | തത്പരരായ കുട്ടികൾക്ക വിവിധ പ്രവൃത്തിപരിചയ ഇനങ്ങളിൽ പരിശീലനം നൽകൽ<br>വിദഗ്ദരുടെ ക്ലാസ് നൽകൽ | 6 മാസം | പ്രവൃത്തിപരിചയഅധ്യാപകർ | PTA |
| **ഉപമേഖല-കായിക പഠനം** | | | | |
| കുട്ടികളുടെ കായിക ശേഷി മെച്ചപ്പെടുത്തൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താത്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം നൽകൽ<br>ഫുട്ബോൾ പരിശീലനം<br>ക്ലാസ് സമയത്തിന് മുമ്പും ശേഷവും തെരെഞ്ഞടുത്ത കായിക ഇനങ്ങളിൽ പരിശീലനം | 1 വർഷം | കായിക അധ്യാപകൻ | PTA |

| | | | | |
|---|---|---|---|---|
| കായിക മത്സരങ്ങൾ നടത്തൽ<br><br>നീന്തൽ പരിശീനം നൽകൽ | പ്രാദേശിക ക്ലബ്ബുകളെ ഉപയോഗപ്പെടുത്തി വിവിധ ഇനങ്ങളിൽ മത്സരം നടത്തൽ | 3 മാസം | കായികഅധ്യാപകൻ | PTA |
| | | **ഉപമേഖല-കൗൺസിലിംഗ്** | | |
| മുഴുവൻ കുട്ടികൾക്കും കൗണ്സിലിംഗ്,മോട്ടിവേഷൻ ക്ലാസ്,കരിയർ ഗൈഡൻസ് ക്ലാസ് എന്നിവ നൽകൽ<br><br>നല്ല വ്യക്തിത്വമുള്ളവരാക്കൽ | അംഗീകൃത കൗൺസിലർമാരെ ഉപയോഗിച്ച് കുട്ടികളുടെ പ്രശ്നങ്ങൾ മനസിലാക്കൽ<br><br>ഗൃഹസന്ദർശനം അഭിമുഖം നിരീക്ഷണം പ്രശ്നപരിഹരണം എന്നിവ ഉപയോഗപ്പെടുത്തി കൗൺസിലിംഗ് ഫലപ്രദമാക്കൽ | എല്ലാ മാസവും | കൗൺ സിലിംഗ് ടീച്ചർ<br><br>SRG | PTA |
| | | **ഉപമേഖല-കലാപരിപോഷണം** | | |
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പക്കൽ | കുട്ടികളുടെ സർഗവാസനകളെ കണ്ടെത്തുക,അവയിൽ പ്രത്യേക പരിശീലനം നൽകൽ | 1 വർഷം | ആർട്ട് അധ്യപകൻ<br>SRG | PTA |
| | ജില്ല സംസ്ഥാന തല മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാനാവശ്യമായ പരിശീലനം | | | |

# GHSS PERIYE

## ACADEMIC MASTER PLAN CLASS LEVEL

## STD. V .ENGLISH

| The Warmth of Love | |
|---|---|
| Learning Objectives | Activity |
| Listens to Descriptions and reads and constructs them | Self-introduction, Picture description |
| Constructs dialogues having four or five exchanges | Conversation , Role play |
| Reads ,recites and appreciates simple poems | Tunes and sings the Poem |
| Language Elements | Preposition, Splits and combines sentences using and<br>Gets familiarised with imperatives and negatives Do/don't , does/doesn't for stating preferences |

| Wings Of Dreams | |
|---|---|
| Learning Objectives | Activity |
| Listens Songs/Poems on the theme "Dreams" | Choreography |
| Develops a skit based on the story by fixing the events ,Characters and dialogues | Skit |
| Reads Diary entry and identifies its features. Writes the Thoughts/Diary using expressions suitable to the context | Diary Entry |
| Language Elements | Adjectives of Quality /quantity / Number / Can Can't expressions |

ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ - സയൻസ് - 6ാം തരം.

യൂണിറ്റുകൾ (1st Term)

1. ആഹാരത്തിലൂടെ ആരോഗ്യം.
2. കാന്തിക ലോകത്തെ അത്ഭുതം.
3. നിവർന്ന് നിൽക്കാം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ആഹാരശീലവും ആരോഗ്യവും തമ്മിലുള്ള ബന്ധം മനസിലാക്കുക. | * വിവിധ പോഷക ഘടകങ്ങളുടെ പരിശോധന (പരീക്ഷണം)<br>* വിവിധ വിഷയങ്ങളിൽ സെമിനാർ അവതരണം. | സയൻസ് ടീച്ചർ | ജൂൺ മാസം. | | |
| കാന്തങ്ങളുടെ സവിശേഷതകൾ മനസിലാക്കി നിത്യജീവിതത്തിൽ അവ ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുക. | ടോയ്സ് നിർമ്മാണം.<br>- ദ്രാവകങ്ങളിലൂടെ കടന്ന് പോകുന്ന കാന്തശക്തി എന്ന വിഷയത്തിൽ പ്രോജക്ട് അവതരണം. | സയൻസ് ടീച്ചർ. | ജൂലൈ മാസം. | | |
| ഓരോ ജീവിയുടെയും അസ്ഥികൂടത്തിന്റെ സവിശേഷതകൾ, അതുല്യതകൾ എന്നിവ മനസിലാക്കുന്നതിനും, സ്വന്തം ശരീരത്തോടും മറ്റ് ശരീരങ്ങളോടുമുള്ള കാര്യബോധം വളർത്തിയെടുക്കുന്നതിനും നല്ല ആരോഗ്യം നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനും പ്രാപ്തരാക്കുക. | - വിവിധ തരം സന്ധികൾ നിർമ്മിച്ച് പ്രദർശനം നടത്തുക.<br>- തൊഴിൽ ഉദ്ഗ്രഥനത്തിന്റെ ഭാഗമായി ബാഹ്യാസ്ഥികൂടമായ ഷെല്ലുകൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുക. | സയൻസ് ടീച്ചേഴ്സ് | ആഗസ്ത് മാസം. | | |

STD -7 -SCIENCE

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| സസ്യങ്ങളുടെ പകർപ്പ് ഉത്പാദിപ്പിക്കുന്ന രീതികളെ കുറിച്ചുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകൾ | ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ്,ലെയറിംഗ് എന്നിവയെ കുറിച്ച് വിദഗ്ദരെ കൊണ്ട് ഡെമോൺസ്ട്രേഷൻ ക്ലാസ് എടുത്ത് കുട്ടികളെ പഠിപ്പിക്കൽ | സയൻസ് ടീച്ചർ | 2025 JUNE | PTA |
| രാസപ്രവർത്തനങ്ങൾ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നത് കുട്ടികൾക്ക് ബോധ്യപ്പെടുത്തൽ | സോപ്പ് നിർമ്മാണം പ്രായോഗികമായി ചെയ്യൽ | സയൻസ് ടീച്ചർ | 2025 JULY | PTA |

## ഉപസംഹാരം

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പെരിയ ഈ അക്കാദമിക വർഷം അക്കാദമിക മികവിന് വേണ്ടി സ്വീകരിക്കേണ്ട ചില പ്രവർത്തനങ്ങളാണ് ഇതിൽ കൊടുത്തിട്ടുള്ളത്. ഈ പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാമാസവും യു.പി ഹൈസ്കൂൾ SRG യോഗം ചേർന്ന് വിലയിരുത്തണം.അതത് സമയത്ത് വേണ്ട മാറ്റങ്ങൾ ഇതിൽ വരുത്തേണ്ടതാണ്.പുതിയ പ്രവർത്തനങ്ങൾ ആവശ്യമാണെങ്കിൽ ഇതിൽ ചേർക്കാവുന്നതാണ്.മേൽ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഹെഡ്മാസ്റ്റർ,പിടിഎ പ്രസിഡന്റ്,സീനിയർ അസിസ്റ്റന്റ്,SRG കൺവീനർ മാർ എന്നിവർ നിരന്തരം മോണിറ്റർ ചെയ്യുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും വേണം. നമ്മുടെ സ്കൂളിനെ അക്കാദമിക മികവിൽ മുൻപന്തിയിൽ എത്തിച്ച് മികവിന്റെ കേന്ദ്രം ആക്കുന്നതിനു ഈ പ്ലാനിലെ പ്രവർത്തനങ്ങൾക്കും അവയുടെ ശരിയായ രീതിയിലുള്ള നിർവ്വഹണത്തിനും സാധിക്കുമെന്ന് വിശ്വസിക്കുന്നു.